മേൽപ്പറഞ്ഞ പ്രകാരം വിഭാവന ചെയ്തിരിക്കുന്ന പദ്ധതികൾ സമീപഭാവിയിൽ കമ്പനിയിൽ വലിയ തോതിൽ വിറ്റുവരവ് വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലൂടെ കൂടുതൽ പ്രത്യക്ഷ തൊഴിലവസരങ്ങളും പദ്ധതികളുമായി ബന്ധപ്പെട്ട് അനേകം താൽക്കാലിക തൊഴിലവസരങ്ങളും അതിനോടൊപ്പമുള്ള അനുബന്ധ ചെറുകിട വ്യവസായ രംഗത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാദ്ധ്യതകളും കാണുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വൈവിദ്ധ്യവൽക്കരണ പദ്ധതിയുടെ തുടർച്ചയായി ഈ സർക്കാർ ആവിഷ്കരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് കൂടുതൽ വിറ്റുവരവും ഉയർച്ചയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും നേടാൻ കഴിയുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ രൂപത്തിൽ നല്ല മുന്നേറ്റം പ്രസ്തുത സ്ഥാപനത്തിനുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

### (6) പരിസ്ഥിതിലോല നിയമത്തിന്റെ പരിധി

ശ്രീ. സണ്ണി ജോസഫ്: സർ, രാജ്യത്തെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റിലും ESZ (Eco-Sensitive Zone) സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കും ഇതുസംബന്ധിച്ചുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും വ്യാപകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 100 മീറ്റർ മുതൽ 3 കിലോമീറ്ററും അതിലുപരിയുമായ സ്ഥലങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, വ്യാപാര വാണിജ്യ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. അതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. 2020-ലാണ് ഈ വിജ്ഞാപനം കരടായി വന്നത്. അത് പരിഗണിച്ചുകൊണ്ട് കേരളം സീറോ പോയിന്റായി നിശ്ചയിക്കണമെന്ന രൂപത്തിലുള്ള നിർദ്ദേശങ്ങൾ ഭേദഗതിയായി സമർപ്പിച്ചിരുന്നെങ്കിലും കേന്ദ്രം വീണ്ടും അത് പരിശോധിച്ച് സ്വീകാര്യമല്ലെന്ന നിലയിൽ മടക്കിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ആറളം വന്യജീവി സങ്കേതവും കൊട്ടിയൂർ വന്യജീവി സങ്കേതവുമുണ്ട്. അവിടെ 100 മീറ്റർ മുതലുള്ള പ്രദേശങ്ങൾ, 3 കിലോമീറ്റർ, 600 മീറ്റർ വരെയുള്ള പ്രദേശങ്ങൾ ഇങ്ങനെ വളരെ വ്യത്യാസത്തിൽ ESZ വന്നുകഴിഞ്ഞാൽ അവിടത്തെ കൃഷിയേയും മറ്റനുബന്ധ പ്രവർത്തനങ്ങളേയും അത് ബാധിക്കും. ആറളം പൂർണ്ണമായും ആദിവാസി പുനരധിവാസ മേഖലയാണ്. അവർക്ക് ഒരേക്കർ സ്ഥലമാണ് കിട്ടിയിട്ടുള്ളത്. ആ സ്ഥലം പൂർണ്ണമായും നഷ്ടപ്പെടുന്ന അല്ലെങ്കിൽ അവിടെ അവർക്ക് സ്വാതന്ത്ര്യമില്ലാതാകുന്ന പ്രശ്നം വരും.

LIBRARY ARCHIVES Kerala Legislative Assembly

കേളകം പഞ്ചായത്ത് ഇതിന്റെ ഭാഗമായി വരും. വളയംചാൽ, പൂക്കുണ്ട്, മുട്ടുമാറ്റി, അടയ്ക്കാത്തോട്, കരിയംകാപ്പ്, രാമച്ചി എന്നീ പട്ടികവർഗ്ഗ കോളനികൾ വനാതിർത്തിയോട് ചേർന്നുനിൽക്കുകയാണ്. അതിന്റെ നടുവിലായി പുഴ ഒഴുകുന്നു, പി.ഡബ്ല്യു.ഡി. റോഡുണ്ട്. അവിടെ ESZ വന്നുകഴിഞ്ഞാൽ അവിടത്തെ കൃഷിയെയും ഭവന നിർമ്മാണത്തെയും റോഡ് നിർമ്മാണത്തെയുമൊക്കെ ബാധിക്കും. കുളങ്ങളും കിണറുകളും കുഴിക്കാൻ സാദ്ധ്യമല്ലാതാകും. മറ്റ് സംസ്ഥാനങ്ങൾ ഈ വിഷയം നന്നായി അവതരിപ്പിച്ചു. അരുണാചൽ പ്രദേശിൽ 0.5 മീറ്റർ മുതൽ 50 മീറ്ററായും ത്രിപുരയിൽ 10 മുതൽ 50 മീറ്ററായും വെസ്റ്റ് ബംഗാളിൽ 5 മീറ്ററായും കുറച്ചു. ത്രിപുരയിലെ ജനസാന്ദ്രത 350 ആണെങ്കിൽ കേരളത്തിലേത് 860 ആണ്. ജനസാന്ദ്രതയിലും വനവിസ്തൃതിയിലും ഒന്നാമതായി നിൽക്കുന്ന പ്രദേശത്ത് പരിസ്ഥിതി ലോല, പരിസ്ഥിതി പ്രാധാന്യ പ്രദേശങ്ങൾ വന്നുകഴിഞ്ഞാൽ അതവിടത്തെ ജനങ്ങളെ സാരമായി ബാധിക്കും. വൃക്ഷാവരണം കേരളത്തിൽ 54 ശതമാനമാണ്. ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കഴിഞ്ഞ സമ്മേളനത്തിലും ഈ സമ്മേളനത്തിലും വന്യമൃഗശല്യത്തെ സംബന്ധിച്ച് സഭയിൽ ആവർത്തിച്ച് ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. എന്റെ മണ്ഡലത്തിലെ ആറളം ആദിവാസി മേഖലയിൽ ആനയുടെയും പന്നിയുടെയും ആക്രമണത്തിന്റെ ഫലമായി എട്ടോളം ആളുകൾ അടുത്ത വർഷങ്ങളിലായി മരണപ്പെട്ടിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇതിനെ എങ്ങനെയാണ് വ്യാഖ്യാനിച്ചത്? ഇപ്പോൾത്തന്നെ അവിടെ വന്യജീവികളുടെ സാന്നിദ്ധ്യമുള്ളതുകൊണ്ട് ഈ പ്രദേശങ്ങൾ ESZ ആക്കണമെന്ന നിലയിൽ കേരളത്തിനെതിരായ വ്യാഖ്യാനമാണ് അവർ നൽകിയിട്ടുള്ളത്. അതുകൊണ്ട് കേരളത്തിന്റെ പ്രശ്നം നല്ലതുപോലെ സമർത്ഥിക്കാൻ സാധിക്കേണ്ടതായിട്ടുണ്ട്. ജനപ്രതിനിധികളെന്ന നിലയിൽ എം.എൽ.എ.-യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മോണിറ്ററിംഗ് കമ്മിറ്റിയിലംഗങ്ങളായിരുന്നു. എന്നാൽ പുതിയ നിർദ്ദേശത്തിൽ എം.എൽ.എ.-യെ ഒഴിവാക്കിയിരിക്കുകയാണ്. എം.എൽ.എ.-യെ ഒഴിവാക്കിയാൽ ജനങ്ങളുടെ കാര്യങ്ങൾ സംസാരിക്കാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയോ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയോ മോണിറ്ററിംഗ് കമ്മിറ്റിയിലുൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കേരളത്തിന്റെ ശക്തമായ നിലപാട് കേന്ദ്രത്തെ അറിയിക്കേണ്ടതായിട്ടുണ്ട്. ഇവിടെ സീറോ പോയിന്റായി തന്നെ ESZ നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ വനം വകുപ്പുമാത്രം ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടിയപ്പോൾ ജനപ്രതിനിധികളുടെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഭരണനേതൃത്വത്തിന്റെ ശക്തമായ ഇടപെടലും ന്യായമായ പരിഹാരവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. സണ്ണി ജോസഫ് മലയോര മേഖലയിൽ പൊതുവെ ജനങ്ങളെയും ജനപ്രതിനിധികളെയും ബാധിക്കുന്ന പ്രശ്നമാണുന്നയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഭാഗമായി ഒടുവിൽ പറഞ്ഞത് പ്രാദേശിക സമിതികളിൽനിന്ന് ജനപ്രതിനിധികളെ (എം.എൽ.എ.-യേയും പഞ്ചായത്ത് പ്രസിഡന്റിനെയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയും) ഒഴിവാക്കിയിട്ടുണ്ടെന്നാണ്. എനിക്ക് ലഭിച്ച നോട്ടീസിൽ അക്കാര്യം സൂചിപ്പിച്ചിട്ടില്ലായിരുന്നു. തീർച്ചയായും ജനപ്രതിനിധികളെ പ്രാദേശിക സമിതികളിൽ പങ്കാളികളാക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്നതാണ്. അദ്ദേഹംതന്നെ കുറച്ച് കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കുചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശത്തെയാണ് പാരിസ്ഥിതിക സംവേദക മേഖല അഥവാ ഇക്കോ സെൻസിറ്റീവ് സോൺ എന്നുപറയുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 4-12-2006-ലെ ഉത്തരവ് പ്രകാരമാണ് വന്യജീവിസങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനെ അടിസ്ഥാനപ്പെടുത്തി അനുയോജ്യമായ നിയമങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അതനുസരിച്ച് 31-10-2019-ലെ 29/2019/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവിസങ്കേതങ്ങൾക്കുംചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള പ്രദേശം ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു. അപ്രകാരം എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ 23 സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ 3-1-2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ആയതിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇതിനകം 20 എണ്ണത്തിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിൽ മതികെട്ടാൻചോല ദേശീയ ഉദ്യാനത്തിന്റെ അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കരട് വിജ്ഞാപനത്തിലൂടെ നിജപ്പെടുത്തിയ ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 20-9-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇത്തരം സോണിൽനിന്ന് ജനസാന്ദ്രതകൂടിയ മേഖലകളെയും കൃഷിസ്ഥലങ്ങളെയും സർക്കാർ, അർദ്ധസർക്കാർ,

LIBRARY ARCHIVES Kerala Legislative Assembly

പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ട് പുതിയ കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനസാന്ദ്രതകൂടിയ മേഖലകളെയും കൃഷിസ്ഥലങ്ങളെയും സർക്കാർ, അർദ്ധസർക്കാർ, പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ആറളം, കൊട്ടിയൂർ ഉൾപ്പെടെയുള്ള 14 വന്യജീവി സങ്കേതങ്ങൾക്കുചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശം കേന്ദ്രസർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിച്ചു. പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൊട്ടിയൂർ വന്യജീവിസങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ 22.34 ചതുരശ്ര കിലോമീറ്ററായിരുന്നത് 12.91 ചതുരശ്ര കിലോമീറ്ററായും ആറളം വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ 12.4 ചതുരശ്ര കിലോമീറ്ററിൽനിന്നും 10.136 ചതുരശ്ര കിലോമീറ്ററായും കുറച്ചിട്ടുണ്ട്. മംഗളവനം വന്യജീവിസങ്കേതത്തിനുചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ബാക്കിയുള്ള 8 വന്യജീവി സങ്കേതങ്ങളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിന് ആദ്യഘട്ടത്തിൽ സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ ജനവാസ മേഖല ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പുതുക്കിയ കരട് ഭേദഗതി നിർദ്ദേശം ആവശ്യമില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജനവാസ മേഖലയെയും കൃഷിസ്ഥലങ്ങളെയും പരമാവധി ഒഴിവാക്കിയാണ് പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഇതിന് അംഗീകാരം ലഭിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും ഊർജ്ജിതമായി നടത്തുന്നതാണ്.

## (7) തുക ചെലവഴിക്കൽ

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വിദ്യാഭ്യാസ വർഷം ആരംഭിച്ചിട്ട് രണ്ട് മാസമായെങ്കിലും ആയിരക്കണക്കിന് കുട്ടികൾക്ക് ഇപ്പോഴും ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള ഭാഗ്യമില്ലാതായിരിക്കുകയാണ്. സർക്കാർ ഇതൊരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻവേണ്ടി പുറത്തെഴുത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക പ്രയാസമുള്ളതുകൊണ്ട് സ്പോൺസർ ചെയ്യാൻ ആളുകൾക്കും വളരെ ബുദ്ധിമുട്ടാണ്. രക്ഷിതാക്കളും അദ്ധ്യാപകരും കുട്ടികളും നേരിട്ടും ഫോൺ മുഖാന്തരവും എം.എൽ.എ.-മാരെ നിത്യേന വിളിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ സാധിക്കുന്നില്ല. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പുറത്തെഴുത്തിൽ 'സാമൂഹ്യനീതിയും അവസരതുല്യതയും ഉറപ്പുവരുത്തി

LIBRARY ARCHIVES Kerala Legislative Assembly